# Mathrubhumi

## 23 August 2018

### Chenghannur, Flood, Rescue Operation, Army



# അവധിപോലും ഉപേക്ഷിച്ച്...

ണ്ണൻ നായർ
ചെങ്ങന്നൂർ

► സൈന്യം നടത്തിയ പ്രളയദുരിതാശ്വാസ പ്രവർത്തനത്തിൽ പങ്കാളികളായവരിൽ ഏറെയും അവധിയിലായിരുന്ന സൈനികരും മുൻ സൈനികരും. കരസേനയുടെ രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ച മേജർ ഹേമന്ദ് രാജ് അടക്കമുള്ളവർ അവധി ഉപേക്ഷിച്ച് നാടിനെ രക്ഷിക്കാൻ ഇറങ്ങുകയായിരുന്നു. മുൻ സൈനികരുടെകൂടി പിന്തുണയിൽ ആയിരങ്ങളെയാണ് ഇവർ രക്ഷപ്പെടുത്തിയത്.

ഓണാവധിക്കായാണ് മേജർ ഹേമന്ദ് രാജ് നാട്ടിലേക്കുതിരിച്ചത്. പ്രളയം നാടിനെ വിഴുങ്ങിയപ്പോൾ അവധി ഉപേക്ഷിച്ച് കർമനിരതനായി. രക്ഷാപ്രവർത്തനത്തിനെത്തിയ സൈനികരുടെ നേതൃത്വം ഇദ്ദേഹം ഏറ്റെടുത്തു. ദിവസങ്ങളായി പകലന്തിയോളം ദുരന്തമുഖത്ത് പ്രവർത്തിച്ച് കരസേനയുടെ ദൗത്യത്തിൽ ഇദ്ദേഹം പങ്കാളിയായി.

മേജർ ഹേമന്ദ് രാജ് രക്ഷാപ്രവർത്തനത്തിന് ഇറങ്ങിയതറിഞ്ഞ് കൂടുതൽ സൈനികർ അവധി ഉപേക്ഷിച്ച് ദൗത്യത്തിൽ പങ്കുചേർന്നു. കണ്ണൂർ സ്വദേശിയായ ക്യാപ്റ്റൻ ശ്രീരാജ് അവധിക്കായി നാട്ടിൽ വരുന്നതിനിടെയാണ് ദുരന്തത്തെക്കുറിച്ചറിഞ്ഞത്. ചെങ്ങന്നൂരിലേക്ക് ഭക്ഷണവുമായി വന്ന ട്രക്കിൽ കയറി അദ്ദേഹം ദുരന്തമുഖത്തെത്തി.

ചെങ്ങന്നൂർ സ്വദേശികളായ മുൻ സൈനികരെ ദൗത്യത്തിൽ പങ്കാളിയാക്കിയാണ് കരസേന പ്രവർത്തനം തുടങ്ങിയത്. മുൻ സൈനികരെ ഉൾപ്പെടുത്തി പ്രത്യേകടീമുണ്ടാക്കി.

രക്ഷാപ്രവർത്തനത്തിനിടെ സൈനികരെ കബളിപ്പിക്കുന്ന സാഹചര്യവും ഉണ്ടായെന്ന് ഇവർ പറയുന്നു. 'ഹെലികോപ്റ്ററിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനിടെ ഉൾപ്രദേശത്ത് വെള്ളത്തിൽ കിടന്ന യുവാവ് സൈനികരോട് സഹായം അഭ്യർഥിച്ചു. ഹെലികോപ്റ്റർ അടുത്ത് എത്തിയപ്പോൾ മൊബൈലിൽ സെൽഫി പകർത്തിയശേഷം സൈനികരോട് മടങ്ങിപ്പോകാൻ ആവശ്യപ്പെട്ടു. മറ്റൊരാളെ രക്ഷിക്കാനുള്ള സമയമാണ് ഈ പ്രവൃത്തിയിലൂടെ കരസേനാ ഉദ്യോഗസ്ഥർക്ക് നഷ്ടമായത്'

സൈനികർ അവധിയിലാണെങ്കിലും അവർ ഡ്യൂട്ടിയിലായിരിക്കുമെന്ന് മേജർ ഹേമന്ദ് രാജ് പ്രതികരിച്ചു. ഞങ്ങൾക്ക് അവധി പ്രശ്നമല്ല. ഉത്തരവ് ലഭിച്ചാൽ അവധി ഉപേക്ഷിച്ച് ജോലിക്കിറങ്ങുമെന്ന് അദ്ദേഹം പറഞ്ഞു.